<u>പത്രപ്രസ്താവന</u>

ഭാരതീയ റിസര്വ് ബാങ്ക്
വാര്ത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഒക്ടോബര് 17, 2019

**1949 ലെ ബാങ്കിംഗ് റെഗുലേഷന് നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങള്ക്ക് ബാധകമായത്) 35A (1) വകുപ്പ് പ്രകാരമുള്ള ഡയറക്ഷന് - Dr. ശിവാജിറാവു പാട്ടീല് നിലങ്കേക്കര് അര്ബന് കോ -ഓപ്പറേറ്റീവ് ലിമിറ്റഡ്, നിലങ്ക, ലാറ്റൂര് ജില്ല, മഹാരാഷ്ട്ര -കാലാവധി ദീര്ഘിപ്പിച്ചിരിക്കുന്നു.**

1949 ലെ ബാങ്കിംഗ് റെഗുലേഷന് നിയമത്തിന്റെ (സഹകരണ സ്ഥാപനങ്ങള്ക്ക് ബാധകമായത്) 35A (1), 56 വകുപ്പ് പ്രകാരം ഭാരതീയ റിസര്വ് ബാങ്കില് നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് Dr. ശിവാജിറാവു പാട്ടീല് നിലങ്കേക്കര് അര്ബന് കോ-ഓപ്പറേറ്റീവ് നെ (നിലങ്ക, ലാറ്റൂര് ജില്ല, മഹാരാഷ്ട്ര) ഫെബ്രുവരി 16, 2019 ലെ പ്രവര്ത്തനം അവസാനിക്കുന്ന സമയം മുതല് പൊതുജന താല്പര്യാര്ത്ഥം ഡയറക്ഷന് കീഴില് നിലനിര്ത്തിയിരുന്നു. ഡയറക്ഷന്റെ കാലാവധി ഒക്ടോബര് 16, 2019 മുതല് ഏപ്രില് 15, 2020 വരെയുള്ള ആറുമാസ കാലയളവിലേക്ക് കൂടി ഭാരതീയ റിസര്വ് ബാങ്ക്, പുനരവലോകനത്തിന് വിധേയമായി ദീര്ഘിപ്പിച്ചിരിക്കുന്നു. ഡയറക്ഷന് കീഴില് ബാങ്ക് പ്രവര്ത്തനം തുടരുമ്പോള് നിക്ഷേപങ്ങളുടെ പിന്വലിക്കാവുന്ന/ നിക്ഷേപിക്കാവുന്ന തുകയില് ചില നിയന്ത്രണങ്ങളും പരിമിതികളും ഏര്പ്പെടുത്തിയിട്ടുണ്ട്. ഡയറക്ഷന്റെ വിശദാംശങ്ങള് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്കിന്റെ പരിസരത്ത് പ്രദര്ശിപ്പിച്ചിട്ടുണ്ട്. സാഹചര്യങ്ങള്ക്കനുസരിച്ചു നിയന്ത്രണങ്ങളില് മാറ്റം വരുത്തുന്ന കാര്യം റിസര്വ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും. ബാങ്കിനെ ഡയറക്ഷന് കീഴില് കൊണ്ട് വന്ന ഭാരതീയ റിസര്വ് ബാങ്കിന്റെ നടപടി കാരണം ബാങ്കിന്റെ ലൈസെന്സ് റദ്ദു ചെയ്തു എന്ന് കരുതരുത്. ബാങ്കിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നത് വരെ നിയന്ത്രണങ്ങള്ക്ക് വിധേയമായി ബാങ്കിടപാടുകള് തുടര്ന്നും ബാങ്ക് നടത്തുന്നതാണ്.

(യോഗേഷ് ദയാല്)
ചീഫ് ജനറല് മാനേജര്

പത്രപ്രസ്താവന: 2019-2020/972